# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 424

## 03/03/2020 ൽ മറുപടി നൽകേണ്ടത്

### സാമൂഹിക സുരക്ഷാ പെൻഷനും ക്ഷേമ പെൻഷനും വാങ്ങുന്നവരുടെ മസ്റ്ററിംഗ്

**ചോദ്യം**
ശ്രീ. ഐ.സി.ബാലകൃഷ്ണൻ

**മറുപടി**
ഡോ. ടി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സാമൂഹിക സുരക്ഷാ പെൻഷനും, ക്ഷേമ പെൻഷനുകളും വാങ്ങിക്കൊണ്ടിരുന്നവരിൽ വളരെയധികം പേർ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | മസ്റ്ററിംഗ് നടത്താത്തവരിൽ കുറച്ച് പേർ കൂടി പലവിധ കാരണങ്ങളാൽ മസ്റ്ററിംഗ് ചെയ്യാൻ കഴിയാതെ പോയവരായിട്ടുണ്ടാകാം. അതിന്റെ വിവരങ്ങൾ കൂടി ലഭ്യമായാലേ അന്തിമ കണക്കുകളിൽ എത്തിച്ചേരാനാകൂ. ജീവിച്ചിരിപ്പുണ്ടോ, സ്ഥലത്ത് സ്ഥിരതാമസമുണ്ടോ, പുനർ വിവാഹിതർ വിധവാ പെൻഷൻ കൈപ്പറ്റുന്നുണ്ടോ എന്നീ വിവരങ്ങൾ മാത്രമാണ് മസ്റ്ററിംഗ് ഘട്ടത്തിൽ പ്രധാനമായും പരിശോധിക്കപ്പെട്ടിട്ടുള്ളത്. മറ്റ് അർഹതാ മാനദണ്ഡങ്ങൾ ഈ ഘട്ടത്തിൽ വിശദമായി പരിശോധിച്ചിട്ടില്ല. ഈ വിഭാഗത്തിൽ തന്നെ വലിയ ഒരു നമ്പർ അനർഹർ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. |
| (ബി) | അനർഹരെ കണ്ടെത്തുന്നതിന് നടത്തിയ മസ്റ്ററിംഗിന്റെ അവസാന തീയതി കഴിഞ്ഞപ്പോൾ ഓരോ വിഭാഗം പെൻഷൻ വാങ്ങുന്നവരിൽ നിന്നും എത്ര പേർ വീതം പുറത്തായി; വിശദാംശം നൽകുമോ; | മസ്റ്ററിംഗ് സമയപരിധി അവസാനിച്ചപ്പോൾ ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ക്ഷേമപെൻഷൻ വാങ്ങുന്നവരിൽ വലിയൊരു വിഭാഗം ഒഴിവാക്കപ്പെട്ടതിലൂടെ സർക്കാരിന് എത്ര തുകയാണ് ലാഭിക്കുവാൻ സാധിച്ചതെന്ന് വ്യക്തമാക്കുമോ; | അർഹതപ്പെട്ട പെൻഷണർമാരെ ഒഴിവാക്കുന്നതിനുവേണ്ടിയല്ല മസ്റ്ററിംഗ് നടത്തിയത്. അർഹരായ കുറച്ചുപേർ കൂടി മസ്റ്ററിംഗ് നടത്തുവാൻ ഉണ്ട് എന്ന് കണക്കാക്കിയാൽ പോലും നല്ലൊരു സംഖ്യ അനർഹർ പെൻഷൻ വാങ്ങിപ്പോന്നു എന്ന |

| | | |
|---|---|---|
| | | അനുമാനത്തിലേയ്ക്കാണ് നിലവിലെ കണക്കുകൾ കൊണ്ടെത്തിയ്ക്കുന്നത്. ഇപ്പോഴത്തെ കണക്കുകൾ പ്രകാരം നിലവിലെ ഏറ്റവും കുറഞ്ഞ പെൻഷൻ തുകയായ 1200 രൂപ നിരക്കിൽ പ്രതിമാസം ഏകദേശം 58.85 കോടിയോളം രൂപ പെൻഷൻ ഇനത്തിലുള്ള ചെലവിൽ കുറവുവരാം. |
| (ഡി) | ക്ഷേമപെൻഷൻ അനർഹമായി വാങ്ങിയവരെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; അനർഹമായി കൈപ്പറ്റിയ തുക തിരിച്ച് പിടിക്കുവാൻ ആലോചിക്കുന്നുണ്ടോ? | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗിനു ശേഷം 2020 ഫെബ്രുവരി 15-ലെ കണക്കുകൾ പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്തൃപ്പട്ടികയിലുണ്ടായിരുന്ന 401875 പേരും (8.5%), ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കളിൽ 88504 പേരും (12.86% ) മസ്റ്ററിംഗ് ചെയ്യാതെ അവശേഷിക്കുന്നു. ഇവരിൽ പല കാരണങ്ങളാലും മസ്റ്ററിംഗ് നടത്താൻ കഴിയാതെ പോയവരും ഉൾപ്പെട്ടിരിക്കാം. അവരുടെ കൂടി വിവരങ്ങൾ ലഭിച്ചതിനു ശേഷമേ ഇക്കാര്യത്തിലെ അന്തിമ കണക്കുകൾ വ്യക്തമാകുകയുള്ളൂ. അതേസമയം മരണപ്പെട്ടവരുടെ പേരിലും അനർഹരായവരും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയിരുന്നു എന്ന നിഗമനത്തിലേയ്ക്കാണ് ഈ കണക്കുകൾ എത്തിക്കുന്നത്.<br>06/11/2017-ലെ സ.ഉ (എം.എസ്) നം. 483/2017/ധന. ഉത്തരവ് പ്രകാരം അനർഹമായി കൈപ്പറ്റിയിട്ടുള്ള പെൻഷൻ തിരിച്ചു പിടിക്കുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. ആകയാൽ ഇതനുസരിച്ച് തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം | പെൻഷൻ ഇനം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | മസ്റ്ററിംഗ് പൂർത്തിയാക്കിയ വരുടെ എണ്ണം | മസ്റ്ററിംഗ് ചെയ്യാനുള്ള വരുടെ എണ്ണം |
|---|---|---|---|---|
| 1 | **സാമൂഹ്യ സുരക്ഷാ പെൻഷൻ** | | | |
| | കർഷക തൊഴിലാളി പെൻഷൻ | 453152 | 403342 | 49810 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 2459734 | 2227648 | 232086 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 404841 | 371813 | 33028 |
| | 50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 84182 | 79370 | 4812 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1346087 | 1263948 | 82139 |
| 2 | **ക്ഷേമനിധി ബോർഡ് പെൻഷൻ** | **688165** | **599661** | **88504** |